"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ല – പിണറായി ഗ്രാമപഞ്ചായത്ത് - പിണറായി കൺവെൻഷൻ സെന്റർ ഉദ്ഘാടന ചെലവുകൾ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.74/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 11/01/2021

പരാമർശം:- പിണറായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 21/10/2020 ലെ എ3/6304/17 നമ്പർ കത്ത്.

**ഉത്തരവ്**

പിണറായി ഗ്രാമപഞ്ചായത്തിൽ പുതിയതായി നിർമ്മിച്ച പിണറായി കൺവെഷൻ സെന്ററിന്റെ ഉദ്ഘാടനം 2020 നവംബർ 3 ചൊവ്വാഴ്ച ബഹു.കേരള മുഖ്യമന്ത്രി നിർവ്വഹിക്കുന്നതായും ഇപ്പോഴത്തെ കോവിഡ് 1 9 ന്റെ പ്രത്യേക സാഹചര്യത്തിൽ പത്രപരസ്യമുൾപ്പെടെയുള്ള അധിക പ്രചരണ പരിപാടികളോടെ ഉദ്ഘാടനം നടത്തുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളതെന്നും ആയതിലേക്ക് പത്രപരസ്യം, നിർമ്മാണപ്രവൃത്തി നടത്തിയ ഊരാളുങ്കൾ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിക്കുള്ള ഉപഹാരം ഉൾപ്പെടെയുള്ള ചെലവുകൾ നടത്തുന്നതിന് 1,00,000/-(ഒരു ലക്ഷം രൂപ) ചെലവ് ചെയ്യുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കണമെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശത്തിലെ കത്ത് പ്രകാരംആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പിണറായി ഗ്രാമപഞ്ചായത്തിൽ പുതുതായി നിർമ്മിച്ച പിണറായി കൺവെഷൻ സെന്ററിന്റെ ഉദ്ഘാടനം ബഹു.കേരള മുഖ്യമന്ത്രി നിർവ്വഹിച്ചതിന്റെ ചെലവിലേക്കും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 1,00,000/-(ഒരു ലക്ഷം രൂപ) പിണറായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ് / സെക്രട്ടറി, പിണറായി ഗ്രാമപഞ്ചായത്ത്, കണ്ണൂർ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2021.01.11 16:32:32 IST
Reason: Approved